# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജനുവരി 21, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

11(*181 &*204) പ്രതിസന്ധിയിലായ എം.എസ്.എം.ഇ. വ്യവസായ സംരംഭങ്ങൾ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) നൽകിയ മറുപടിയിൽ, നോട്ട് നിരോധനം, പ്രകൃതി ദുരന്തം, കോവിഡ്-19 മഹാമാരിമൂലമുണ്ടായ ലോക്ക്ഡൗൺ എന്നിവ സംസ്ഥാനത്തെ എം.എസ്.എം.ഇ.-കളെ പ്രതികൂലമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത മേഖലയുടെ പുനരുദ്ധാരണത്തിനായി 17 പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് വ്യവസായ ഭദ്രതാ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഇതിനുപുറമെ സംരംഭക സഹായ പദ്ധതിയുടെ ഉദാരവൽക്കരണം നടപ്പാക്കുന്നതിനായി മാർഗ്ഗരേഖ ഭേദഗതി ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി പ്രവാസികൾ, എസ്.സി./എസ്.ടി.

വിഭാഗക്കാർ, വനിതകൾ, യുവജനങ്ങൾ എന്നിവർ ആരംഭിക്കുന്ന എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നൽകിവന്നിരുന്ന സബ്സിഡി വർദ്ധിപ്പിക്കുകയും 60,000 രൂപവരെ ലോൺ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിനായി 37.65 കോടി രൂപ അനുവദിക്കുകയും പുതുതായി ലഭിച്ച 243 ലക്ഷം രൂപ ചെലവ് വരുന്ന 604 അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പരിഗണിച്ചുവരികയുമാണ്. കൂടാതെ കേന്ദ്ര സർക്കാരിന്റെ എമർജൻസി ക്രെഡിറ്റ് ലൈൻ ഗാരണ്ടി, ക്രെഡിറ്റ് ഗാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ്, പി.എം. ഫോർമലിസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസ്സിംഗ് എന്റർപ്രൈസസ് തുടങ്ങിയ സ്കീമുകൾക്കുപുറമെ കെ.എസ്.ഐ.ഡി.സി., കിൻഫ്ര, സിഡ്കോ എന്നിവ വഴിയും എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് ധനസഹായം നൽകിവരുന്നുണ്ടെന്നും മാർജിൻമണി വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത സംരംഭകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 8.89 കോടി രൂപ ചെലവഴിക്കുകയുണ്ടായെന്നും വ്യവസായ ഭദ്രത പോർട്ടലിലൂടെ Scheme for Interest Subvention on Term Loan and working capital loan പദ്ധതിയുടെ അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനും പുരോഗതി അറിയുന്നതിനും സാധിക്കുന്നതാണെന്നും

മന്ത്രി അറിയിച്ചു. ലോക്ക്ഡൗൺമൂലം സംസ്ഥാനത്താകെ അടച്ചുപൂട്ടിയ വ്യവസായ സംരംഭങ്ങൾക്ക് ബാങ്കിംഗ് മേഖലയുടേതുൾപ്പെടെ സഹായങ്ങൾ ലഭ്യമാക്കി സംരക്ഷിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 63542 എം.എസ്.എം.ഇ. യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചെന്നും ഇതിലൂടെ 5919.74 കോടി രൂപയുടെ നിക്ഷേപവും 223602 തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുകയുണ്ടായെന്നും മന്ത്രി പറഞ്ഞു. മലയോര മേഖലകളിൽ റബ്ബറധിഷ്ഠിത വ്യവസായം വികസിപ്പിക്കുന്നതാണെന്നും തൃശ്ശൂർ, കുട്ടനാട്, പാലക്കാട് ജില്ലകളിൽ റൈസ് പാർക്കുകൾ ആരംഭിക്കുന്നതാണെന്നും തിരുവനന്തപുരത്തെ ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും കുടിയിറക്കപ്പെട്ട കുടുംബങ്ങളുടെ കാര്യത്തിൽ ഉചിതതീരുമാനം കൈക്കൊള്ളുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. വനിതാ സ്വയംസഹായ സംഘങ്ങൾക്കും വനിതാ ആക്ടിവിറ്റി ഗ്രൂപ്പുകൾക്കും റിവോൾവിംഗ് ഫണ്ടായി പ്രവർത്തനമൂലധനം നൽകുന്ന 'സഹജ' പദ്ധതി പുതുതായി ആരംഭിച്ചിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിലിടപെട്ടുകൊണ്ട് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു.